**Talented Bankers Literary Panel - പുസ്തകപരിചയം 66**

പരിചയപ്പെടുത്തുന്നത്
സുരേഷ് നാരായണൻ
ധനലക്ഷ്മി ബാങ്ക്
ആലപ്പുഴ ശാഖ.

**പകൽ നടക്കാനിറങ്ങുന്ന ഇരുട്ട്.**
**ബിജോയ് ചന്ദ്രൻ**
**(അനുഭവങ്ങൾ, ഓർമ്മകൾ )**

ജീവിതം ഒരു കുന്നിൻ ചെരിവാണ്.
മരത്തണലുകളും, കോമ്പല്ലുപാറകളും ഉച്ചിയിലെ വെയിലും, കാലടിയിലെ
മഴത്തണുപ്പും എല്ലാം ഇടകലർന്നു കിടക്കുന്ന ഒരു കുന്നിൻ ചെരിവ്.

ആ ചെരുവിലുള്ള ഒരു റബർമരത്തിൻ കൊമ്പിൽ വിരുന്നു വന്നിരിക്കുന്ന ഒരു പാവം കിളിയാണ് ബിജോയ് ചന്ദ്രൻ! അഥവാ അദ്ദേഹത്തിൻറെ രചനകൾ.

അതിലേക്ക് പുതുതായി കൂട്ടിച്ചേർക്കപ്പെട്ട പുസ്തകമാണ് "പകൽ നടക്കാനിറങ്ങുന്ന ഇരുട്ട്".

"കോന്തല" വയനാടിൻറെ ആത്മകഥയാണ് എങ്കിൽ ഇത് പാമ്പാക്കുടയുടെ കഥയാണ്; അവിടത്തെ റബർമരങ്ങളുടേയും!

മാമ്പഴമണമൂറുന്ന ബാല്യകാല സ്മരണകളിൽ നിന്നുള്ള ഒരു പിൻനടത്തമാണ് ഈ പുസ്തകം. റബർമരങ്ങൾ ശ്വസിക്കുന്ന ശബ്ദമാണ് ഇതിൽ നിന്നും കേൾക്കാനാവുക! മധ്യകേരളത്തിന്റെ

കല്പവൃക്ഷമാണല്ലോ അത്. സ്വാഭാവികമായും , അതിന്റെ ഒരു പശിമയുണ്ടാവും ഓർമ്മകൾക്കൊക്കെയും!

ഇരുട്ടിനെ പേടിക്കുന്ന,
മുത്തശ്ശനൊപ്പം മീൻ പിടിച്ചും,
അച്ഛൻ കാണാതെ എടുത്തോടിച്ച സൈക്കിളിൽ നിന്നു വീണും,
ദൈവത്തിന് എണ്ണയുമായി പോകുന്ന പുഴുവിനോട് അസൂയപ്പെട്ടും,
റബർ കായകൾ പെറുക്കിയുണക്കി വിറ്റും ,
കുഞ്ഞുണ്ണി മാഷിന്
ഇടയ്ക്കിടെ കവിതകൾ എഴുതിയയച്ചും,
വളർന്നു വലുതാവുന്ന
'ഇതു ഞാൻ തന്നെയല്ലേ' എന്ന തോന്നലുണ്ടാക്കുന്ന ഗ്രാമത്തിന്റെ മകൻ !
ബിജോയ് മാഷിന്റെ തന്നെ വാക്കുകളിൽ , 'നഗരത്തിന്റെ വാടിയ മുഖം !

ആത്മകഥാംശപരമായ ഈ രചനയിലെ മയിൽപീലിത്തുണ്ടുകളാണ് ഇടയ്ക്കിടക്ക് ദൃശ്യമാക്കപ്പെടുന്ന അപൂർവ്വാനുഭവങ്ങൾ !
പനയുടെ മുകളിൽ നിന്നും ഇലകൾക്കിടയിലൂടെ ചാടുന്ന മധുരക്കള്ളു തുള്ളികളെ പിടിക്കുന്നതും,
മഴ തോരാത്ത ഒരു രാത്രി ചിന്നൻ എന്ന ഭ്രാന്തൻ തന്റെ വീട്ടിൽ വന്ന് , അടുക്കളയിൽ ബാക്കിയിരുന്ന ചോറും മീൻകൂട്ടാനും ആർത്തിയോടെ കഴിച്ചു വിശപ്പടക്കുന്നതും ,
പിള്ളേർ വരാതെ പട്ടിണിയായ കളരിയാശാൻ ഉണക്കത്തേങ്ങ കട്ട് പിടിക്കപ്പെടുന്നും എല്ലാം ഹൃദ്യമായ ഭാഷയിൽ വിവരിക്കപ്പെടുമ്പോൾ മാഷിൻറെ സമാന്തര സാഹിത്യ മാസികയിയ "തോർച്ച"യുടെയും ജനനരഹസ്യം നമുക്ക് പിടികിട്ടും !

കുഞ്ഞു ബിജോയുടെ അച്ഛൻ
മദ്യലഹരിയുടെ തീയിലെരിച്ചു കളഞ്ഞ ആ സുഗന്ധമഷിപ്പേന

വർഷങ്ങൾക്കു ശേഷം പുനർജനിച്ച് എഴുത്തുകാരനിലേക്ക് തന്നെ തിരിച്ചെത്തുകയാണ്.!

മൂവ്വാറ്റുപുഴയാറിൽ മുങ്ങിനിവരുന്ന ഒരു ഹൃദ്യാനുഭവം !

1973ൽ മൂവാറ്റുപുഴക്കടുത്ത് ജനിച്ച ശ്രീ ബിജോയ് ചന്ദ്രൻ അധ്യാപകനും തോർച്ച സമാന്തര മാസികയുടെ എഡിറ്ററും ആണ്.

അക്ഷര പിശാചിന്റെ ശല്യം പുസ്തകത്തിൽ ഉടനീളമുണ്ട്. അടുത്ത പ്രിന്റിൽ എങ്കിലും പരിഹരിക്കപ്പെടേണ്ടതാണ്.